പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --**2908** **22.06.2012** ൽ മറുപടിക്ക്

## 'സ്വപ്ന സാഫല്യം പദ്ധതി' പ്രകാരം നാട്ടിലെത്തിയവർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ)അറേബ്യൻ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന കേരളീയരെ തിരികെ നാട്ടിൽ എത്തിക്കുന്നതിന് രൂപം നൽകിയ 'സ്വപ്നസാഫല്യം പദ്ധതി' നടപ്പാക്കിയോ; എങ്കിൽ എന്നുമുതലാണ് ഇത് നടപ്പാക്കിയത്; | (എ) നടപ്പിലാക്കിയിട്ടുണ്ട്. 2012 ഫെബ്രുവരി മാസം രണ്ടാം തീയതി മുതലാണ് ടി പദ്ധതി പ്രകാരം ജയിൽ മോചിതരായ പ്രവാസി മലയാളികൾ നാട്ടിലെത്തിത്തുടങ്ങിയത്. |
| (ബി)ഈ പദ്ധതി പ്രകാരം എത്ര പേരെയാണ് തിരികെ നാട്ടിൽ എത്തിച്ചത്; | (ബി) 23 പേർ*(18.06.2012 ലെ കണക്കനുസരിച്ച്)* |
| (സി)ഏതെല്ലാം ജില്ലകളിൽ നിന്നുള്ളവരെയാണ് ഇത്തരത്തിൽ തിരികെ എത്തിച്ചതെന്നും അവരെ ഏതെല്ലാം അറേബ്യൻ രാജ്യങ്ങളിൽ നിന്നുമാണ് തിരികെയെത്തിച്ചതെന്നും വ്യക്തമാക്കുമോ? | (സി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെല്ലാവരും തന്നെ സൗദി അറേബ്യയിൽ നിന്നുമാണ് മടങ്ങിയെത്തിയിട്ടുള്ളത്. അവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| തിരുവനന്തപുരം | - | 5 |
| കൊല്ലം | - | 3 |
| ആലപ്പുഴ | - | 4 |
| കോട്ടയം | - | 1 |
| തൃശ്ശൂർ | - | 2 |
| പാലക്കാട് | - | 2 |
| മലപ്പുറം | - | 4 |
| കോഴിക്കോട് | - | 1 |
| കണ്ണൂർ | - | 1 |
| **ആകെ** | - | **23** |

സെക്ഷൻ ഓഫീസർ